**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2183** **30-07-2021 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങൾ വരുത്തുന്ന കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എ. രാജ,<br>ശ്രീ. ലിന്റോ ജോസഫ്** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യമൃഗങ്ങൾ കൃഷിയിടങ്ങളിൽ വരുത്തുന്ന നാശനഷ്ടം വർദ്ധിക്കുന്നതിനാൽ ആയത് പരിഹരിക്കാൻ കിഫ്ബി മുഖേന നടത്തുന്ന വന്യജീവി-മനുഷ്യ സംഘർഷ ലഘൂകരണ പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി റെയിൽ ഫെൻസിംഗ്, ആന പ്രതിരോധ മതിൽ, സൗരോർജ്ജവേലി, ക്രാഷ് ഗാർഡ് സ്റ്റിൽ റോപ് ഫെൻസിംഗ് എന്നീ പദ്ധതികൾ കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIFBI) ന്'Jz ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിനായി സർക്കാർ അംഗീകരിച്ച പദ്ധതി വനം വകുപ്പ് നടപ്പിലാക്കി വരുന്നു. മേൽ പ്രവർത്തികൾക്കായി ഒന്നാം ഘട്ടത്തിൽ പുനലൂർ, തിരുവനന്തപുരം, തെൻമല, മണ്ണാർക്കാട്, പാലക്കാട് എന്നീ വനം ഡിവിനുകളുടെ കീഴിൽ 182.70 ലക്ഷം രൂപ ചെലവിൽ 101.50 കി.മീ. ദൂരത്തിൽ സോളാർ ഫെൻസിംഗ് ജോലികളും, വയനാട് വന്യജീവി ഡിവിഷനു കീഴിൽ 57.40 ലക്ഷം രൂപ ചെലവിൽ 0.41 കി.മീ. ദൂരത്തിൽ ആന പ്രതിരോധ മതിലും, 1500 ലക്ഷം രൂപ ചെലവിൽ 10 കി.മീ. ദൂരത്തിൽ റെയിൽ ഫെൻസിംഗ് ജോലികളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ പുനലൂർ, തിരുവനന്തപുരം, തെൻമല, മണ്ണാർക്കാട്, പാലക്കാട് എന്നീ വനം ഡിവിഷനുകളിലായി 246.06 ലക്ഷം രൂപ ചെലവിൽ 136.70 കി.മീ. ദൂരത്തിൽ സോളാർ ഫെൻസിംഗ് ജോലികളും, നിലമ്പൂർ സൗത്ത്, സൗത്ത് വയനാട്, നോർത്ത് വയനാട്, വയനാട് വന്യജീവി എന്നീ വനം ഡിവിഷനുകളുടെ കീഴിൽ 2400 ലക്ഷം രൂപ ചെലവിൽ 48 കി.മീ. ദൂരത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിംഗും, പാലക്കാട് വനം ഡിവിഷനു കീഴിൽ 45.00 ലക്ഷം രൂപ ചെലവിൽ 0.31 കി.മീ. ദൂരത്തിൽ ആന പ്രതിരോധ മതിലിന്റെ നിർമ്മാണ പ്രവർത്തികളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | ആന, കടുവ, പുലി തുടങ്ങിയ വന്യ മൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്ന് എന്തെല്ലാം രക്ഷാമാർഗങ്ങളാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നും രക്ഷ നേടുന്നതിന് ചുവടെ പറയുന്ന മാർഗ്ഗങ്ങൾ അവലംബിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധപ്രദേശങ്ങളിൽ 13 സ്ഥിരം / താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, |

| | | | |
|---|---|---|---|
| | | | പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെൻറുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി സംസ്ഥാന തലത്തിൽ തന്നെ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കുന്നുണ്ട്. |
| (സി) | വനത്തിനുള്ളിൽ കുടിവെള്ളത്തിന്റെയും തീറ്റയുടെയും ലഭ്യത വർദ്ധിപ്പിച്ചും ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തിയും വന്യമൃഗങ്ങൾ വനത്തിന് പുറത്തേക്കിറങ്ങുന്നത് ഒഴിവാക്കാൻ പദ്ധതിയുണ്ടോ? | (സി) | പദ്ധതിയുണ്ട്. വനത്തിനുള്ളിൽ കുടിവെള്ളത്തിൻറെയും, തീറ്റയുടെയും ലഭ്യത വർദ്ധിപ്പിക്കുന്നതി ലൂടെയും, ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിലൂടെയും വന്യമൃഗങ്ങൾ വനത്തിന് പുറത്തേയ്ക്കിറങ്ങുന്നത് ഒരു പരിധിവരെ കുറയ്ക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ